# ചതുരസ്ഥലി

ഓർമ്മകളുടെ വേഗതയും പേറിക്കൊണ്ട് ആ വാഹനം കുതിച്ചു. ഒന്നും രണ്ടുമല്ല പതിനാല് ഓർമ്മകളുടെ കെട്ടുകളായിരുന്നു ആ വാഹനത്താൽ വഹിക്കപ്പെട്ടത്. ചക്രങ്ങൾ പിറകോട്ട് മായുന്തോറും ഓർമ്മകൾ മുന്നോട്ട് കുതിക്കുന്നു. രണ്ടു വിപരീത ധ്രുവങ്ങൾ!

ജീവിതത്തിന്റെ അർത്ഥം ഒരു അർദ്ധ വിരാമത്തിൽ അവസാനിക്കുമോ എന്ന ചിന്ത എന്നെ അലട്ടി. ഭയാനകതയുടെ മൂർദ്ധന്യഭാവത്തിന്റെ കടന്നുവരവ് കഴിഞ്ഞതിനാൽ ഒരു നിസ്സംഗത എന്നിൽ. അന്നു നിമിഷം പടർന്നുകൊണ്ടിരിക്കുന്നു കരഞ്ഞു കലങ്ങിയ കണ്ണുകൾ പൂട്ടാൻ ഒരുങ്ങവെ വാഹനത്തിന്റെ ചലനം അവസാനിച്ചതായി അറിഞ്ഞു. പ്രതിഷേധിച്ച മറ്റു പതിമൂന്നു പേരുടെ തൊണ്ടയിടറി. കണ്ണുനീരും ഉമിനീരും വറ്റി വരണ്ടിരിക്കുന്നുവെങ്കിലും ഡ്രൈവർ സീറ്റിൽ നിന്നും പിൻസീറ്റിലെത്തിയ അയാളുടെ വരവിലും പ്രതിഷേധത്തിന്റെ ലാഞ്ചനകൾ വായുവിൽ പ്രതിധ്വനിച്ചു കിടന്നിരുന്നു. ഒരു എണ്ണിത്തിട്ടപ്പെടുത്തലിനു ശേഷം 'പതിനാല്' എന്ന് ആവർത്തി പറഞ്ഞതിനു ശേഷം അയാൾ പോയി.......

സ്കൂൾ വിട്ടു വരുന്ന പതിനാലു കുട്ടികൾ, പതിനേഴു വയസ്സിൽ താഴെയുള്ള പെൺകുട്ടികൾ കാണാതായിരിക്കുന്നു. നാളത്തെ പത്രത്തിന്റെ വാക്യങ്ങൾ അവളുടെ മനസ്സിൽ തികട്ടിവന്നു. അന്വേഷിക്കുന്ന പോലീസുകാർ, നാട്ടുകാർ, കണ്ണീരിൽ കുതിർന്ന വീട്ടുകാർ, സ്കൂൾ അധികൃതർ എല്ലാവരും. ഇന്ന് മുൻകൂട്ടി കാണുന്ന സ്വപ്നങ്ങളായി പരിണമിച്ചിരിക്കുന്നു. ചിന്തകൾക്കറുതിവരുത്തിക്കൊണ്ട് വാഹനം വീണ്ടും ചലനമ തുടർന്നു. അതിന്റെ മുരൾച്ചയ്ക്കിടയിലും ഡ്രൈവറുടെ സംഭാഷണങ്ങൾ ഞങ്ങൾക്കു വ്യക്തമായിരുന്നു.. കാശിനുവേണ്ടി അയാൾ ആരോടൊക്കെയോ ഫോണിൽ തർക്കിക്കുന്നുണ്ടായിരുന്നു. അവസാനം ഏതോ ഒരു വില, അത് അയാളെ സംതൃപ്തനാക്കി..

"ഹലോ മനുഭായ്, ചെക്ക്പോസ്റ്റ് കടന്നില്ല, ഹാ നേരെ ചതുരസ്വലിയിലേക്ക്, പറഞ്ഞതു വാങ്ങണേ. ഒന്നിന് ഇരുപത്തിയഞ്ച്". "പിന്നെ വാങ്ങാനും. മാറ്റേണ്ട" അയാൾ പറഞ്ഞവസാനിപ്പിച്ചു.. പിന്നീട് മറുപടി ശബ്ദവും കേട്ടു, "ഹാ ഓകെ. ഓകെ. എല്ലാം വന്നിട്ട് സംസാരിക്കാം" ഹിന്ദി കലർന്ന ആ മലയാളം എന്നിൽ അറപ്പുളവാക്കിയെങ്കിലും ഫോൺ ലൗഡ്സ്പീക്കറിലായതിനാൽ ദൈവത്തോട് നന്ദിപറഞ്ഞു. "ചതുരസ്വലി" എവിടെയോ കേട്ടുമറന്ന പേര്.. മുംബൈ നഗരത്തിലെ ഏതോ ഒരു തെരുവിന്റെ പേരാണത്.

. . ഓർമ്മകളുടെ പട്ടുകൾ. അടുക്കിവെച്ചൊരുക്കുന്നതിനിടയിൽ . . ഒരുത്തുന്നലോടെ . . ആ പേരിനെ . സ്മരിച്ചു, ഞാൻപ. ണ്ട് . . ഒരു . മാസികയിൽ വായിച്ച . പേര്, . വ്യഭിചാരത്തിന്റെയും പെൺവാണിഭത്തിന്റെയും ഗ്രാമം, . അവിടെ . . ഇന്നൊരു തൊഴിലായി പരിണമിച്ചിരിക്കുന്നു. അവിടെ ശിക്ഷയില്ല, . ചോദ്യങ്ങളില്ല, കുറ്റങ്ങളില്ല? . എല്ലാം . അവിടെ . സന്ദർശകരായി എത്തുന്ന . ഉന്നതന്മാരുടെ . നിശബ്ദതയിൽ. അവസാനിക്കുന്നു. . . . .

. . . . ജീവിതത്തിലെ . സ്വപ്നങ്ങളെല്ലാം . നൈ കൈക്കുമ്പിളിൽ. കോരിയ. വെള്ളമായ്. പരിണമിക്കപ്പെടുകയാണ്, . രക്ഷപ്പെടാനുള്ള ചിന്ത . മനസിനെ നേരത്തെ. അലട്ടുന്നുണ്ടെങ്കിലും . . മറു പതിമൂന്ന. പേരെ . ആലോചിക്കുമ്പോൾ. വേണ്ടെന്നു വയ്ക്കപ്പെടുന്നു. . പല സ്കൂൾ. യൂണിഫോമുകളിലെ . പതിനാലു പേർ . പക്ഷേ . ആശയും ചിന്തയും ലക്ഷ്യവുമെല്ലാം . ഇനിയൊരു . നിമിഷത്തിൽ. രക്ഷപ്പെടുക . എന്നതായിരിക്കുന്നു. "ഇനിയെന്ത്?" . എന്ന. ചോദ്യത്തിന് ഇവിടെ . പ്രസക്തിയില്ല, . ഇനിയെന്തിന്? എന്ന . ചോദ്യം . മാത്രമായിരിക്കുന്നു

. . . . മാംസത്തിനുവേണ്ടിയുള്ള. പരക്കംപാച്ചിലിൽ . മനുഷ്യൻ. . . വാങ്ങപ്പെടുന്നതോ . കൊടുക്കപ്പെടുന്നതോ ആയ ഗാന്ധിജിത്തുട്ടുകളുടെ . കനമോ. എണ്ണമോ . നോക്കുന്നില്ല, . ശിഥിലീകരിച്ചു പോയ. ഭരണ . വ്യവസ്ഥയും. . കൺകെട്ടിയ . പ്രതിമയും അവർക്കെന്നമാത്രം

തണൽ നൽകുന്നു. സ്കൂളിൽ വനിതാദിനത്തിൽ ഞാൻ പറഞ്ഞ പ്രസംഗം, ഇന്ന് എന്റെ ജീവിതത്തിൽ തന്നെ അന്വർഥമായിരിക്കുന്നു.

ഇന്ന്, എന്നെ ഈ ദിവസം ഓർമ്മകളിൽ നിന്ന് എടുത്തെറിയപ്പെടാനുള്ള നേരമായിരിക്കുന്നു. ശ്വേത എന്ന എന്റെ പേരുള്ള ഐഡന്റിറ്റി കാർഡ് നോക്കി. ഇനി പേരിന് പ്രസക്തിയില്ല.. എത്ര സ്വപ്നങ്ങൾ ഉണ്ടായാലും കഴിവുണ്ടായാലും 'ഇര' എന്ന ഒറ്റപേരിൽ സമൂഹത്തിൽ ഒതുക്കപ്പെട്ടും.

രാത്രി എപ്പോഴോ കണ്ണു ചിമ്മി ഉറക്കത്തിനിടയിൽ മറ്റുള്ളവരുടെ ~~കി~~ കരച്ചിലും പതറി പറയലും അവ്യക്തമെങ്കിലും ഒരുതരം വ്യക്തതയോടെ കേട്ടു. മുൻപരിചയമില്ലാത്ത. ആ പതിനാലുപേർക്ക് ഇന്ന് ആ പതിമൂന്നുപേർ എല്ലാമായിരിക്കുന്നു.

സൂര്യന്റെ രശ്മികൾ വാഹനത്തിന്റെ ജനലിലൂടെ എത്തി നോക്കി. "ആരും എവിടെയും പോയിട്ടില്ല" ~~ഞ~~ ഞാൻ മനസിൽ മന്ത്രിച്ചു. പുറത്തേക്ക് നോക്കി, കടകളുടെ മുൻപിലെ ബോർഡുകളിൽ നിന്നും മലയാളം മാഞ്ഞിരിക്കുന്നു. ഹിന്ദി പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

അവസാനം ആ സത്യത്തോട് പൊരുത്തപ്പെട്ടു ജീവി

ഞാൻ മനസ്സ് തയ്യാറെടുത്ത്, 'ഇതാ എന്റെ അന്തിമ സ്ഥലം' എത്തിയിരിക്കുന്നു. ശരീരത്തിന്റെ അഴുകലുകൾ കൂട്ടുകയും കിഴിക്കുകയും ഗുണിക്കപ്പെടുകയും ഹരിക്കപ്പെടുകയും ചെയ്യുന്ന ചതുഷ്ക്രിയകളുടെ ഗ്രാമം. ചതുരമ്പൂലി.

ഓർമ്മകളും സ്വപ്നങ്ങളും ഇനി ശില്പറിനുള്ളിൽ വയ്ക്കപ്പെട്ടും തലയും വാലുമായ ആശയങ്ങൾ കൂട്ടിമുട്ടുന്നതിനായി പിടയും. എന്നാൽ ചേരടിക്കപ്പെട്ടവ ഒരുമിക്കില്ല എന്ന നൈമിഷിക തിരിച്ചറിവിനാൽ ചലനം അവസാനിക്കപ്പെട്ടും..

അവസാനം വാഹനം നിന്നു. ജീവച്ഛവമായ ആ പതിനാല് ശരീരങ്ങൾ പുറത്തു നിന്നു. വിലപനചരക്കാളായി മാറിയ ആ നിമിഷത്തെ ശപിച്ചു. എല്ലാവരുടെയും സംസാരവും തർക്കവും ഹിന്ദിയിലേക്ക് മാറി. പുറത്ത് അലങ്കരിച്ചുവച്ച ആ വീട്ടിലേക്ക് ഞങ്ങളെ ആറുപേർ കൂട്ടിക്കൊണ്ടുപോയി. 'സോനാ ദീക്കദി' എന്ന സ്ത്രീ എല്ലാത്തിനും നേതൃത്വം നൽകി.. വെറ്റില ചവച്ചു ചുവപ്പിച്ച ചുണ്ടുകളും നാൽപത്തഞ്ചു കഴിഞ്ഞ പ്രായവുമായെങ്കിലും അണിഞ്ഞൊരുങ്ങിയിരിക്കുന്നു.

ആ വീടിന്റെ നിലവറയെന്നു തോന്നിച്ച ഒരു മുറിയിലേക്ക് ഞങ്ങളെ എത്തിച്ചു.. ഒരു കിളിവാതിൽ മാത്രമുള്ള

മുറി ഞങ്ങളുടെ ജീവിതത്തെ ഓർമിപ്പിച്ചു. രക്ഷപ്പെടാനുള്ള വഴികൾ തേടിയുള്ള നിമിഷങ്ങൾ, എന്നാൽ അതിനുള്ള സാധ്യത വിരളം.

ഏകദേശം അരമണിക്കൂറിനു ശേഷമാവാം, ആ വാതിലുകൾ ഞെരുങ്ങി ഒരു ശബ്ദത്തോടെ തുറക്കപ്പെട്ടു. ഒരു ചെറുപ്പക്കാരിയായിരുന്നു. കയ്യിൽ ഞങ്ങൾക്കുള്ള ഭക്ഷണവും ഉണ്ടായിരുന്നു.

വന്ന ഉടനെ "കഴിച്ചോ" എന്ന് മലയാളത്തിൽ പറഞ്ഞത് ഞങ്ങളിൽ അത്ഭുതമുളവാക്കി. ഏറെ നേരം കാത്തിരിക്കേണ്ടി വന്നില്ല. വർഷങ്ങൾക്കു മുമ്പ് കേരളത്തിൽ നിന്നെത്തിയ മറ്റൊരു ഇരയാണെന്ന് സ്വയം വെളിപ്പെടുത്തി.

അവർ ഒരു തരം സഹതാപത്തോടെ ഞങ്ങളെ നോക്കി. ആ നോട്ടം ഞങ്ങൾക്ക് സഹിക്കാവുന്നതിലു മധുരമായിരുന്നു.

തിന്നുതീർത്ത വേദനകൾ, വ്രണപ്പെട്ട മനസ്, ഇല്ലാതാക്കപ്പെട്ട ചാരിത്ര്യം, അറ്റുപോയ സ്വപ്നങ്ങളുടെ ചരട് എല്ലാം ഞങ്ങൾക്ക് മുമ്പിൽ അവർ അനാവൃതമാക്കി. അപ്പോഴും തൊട്ടടുത്ത മുറിയിലെ ചേരിക്കിടക്കയുടെ മർമ്മരങ്ങൾ ഞങ്ങളിൽ ഒരേ സമയം ഞെട്ടലും വെറുപ്പും സൃഷ്ടിച്ചു.

'അവസാനത്തെ അരങ്ങേറ്റം തുടങ്ങാനുള്ള പാത്രമായ മനസിനെ ഇനിയെന്തു പറഞ്ഞു സമാധാനിപ്പിക്കുമെന്നറിയില്ല...

ആ ഗ്രാമം എന്തൊക്കെയോ പറയാൻ ആഗ്രഹിക്കുന്നുണ്ടായിരുന്നു.. ആ നിലവറ ഈണംതെറ്റിയ കവിതകൾക്കും താളംതെറ്റിയ ചുവടുകൾക്കും പാതിയിൽ കലർന്നുപോയ നിറങ്ങൾക്കുമുള്ളതായിരുന്നു...

ചതുരമ്പുലി എന്ന ആ ഗ്രാമത്തിനു മാനമ്പുലി എന്നായിരുന്നു ഉചിതം എന്നു ഞാൻ ചിന്തിച്ചു. "പിച്ചിച്ചീന്തപ്പെട്ടുന്ന ജീവിതങ്ങൾക്കും അതിൽ നിന്നുടലെടുത്തപ്പെട്ട ചെറു ജീവനുകൾക്കുമുള്ളതാണ് ഈ ഗ്രാമം......" ആ ചെറു പൂക്കാരി ഒറ്റ വാക്കിൽ നിർവചിച്ചു. "എന്റെ ശരീരം എന്നെ വിട്ടകന്നിരിക്കുന്നു, സ്വപ്നങ്ങൾക്ക് അഭാവമില്ലെങ്കിലും ലിംഫോസൈറ്റുകളുടെ അഭാവം എന്നെ എയ്ഡ്സ് എന്ന പൊതുവഴിയിൽ എത്തിച്ചിരിക്കുന്നു.. ഇനി കൂടിവന്നാൽ ഒരാഴ്ച മാത്രം.. നിങ്ങളെയോർത്ത് എനിക്ക് സഹതാപവുമുണ്ട്." കരഞ്ഞുകൊണ്ട് അവൾ ഞങ്ങളെ നോക്കി. ആ കണ്ണുനീർ കൺമഷി കലർന്ന് കറുത്ത വെള്ളമായ് അവളുടെ കവിളിലൂടെ ഒലിച്ചിറങ്ങി..

ഭക്ഷണം കഴിക്കുന്നതിനിടയിൽ. അവൾ. ഒരു. ചെറിയ. മരുന്നു
കുപ്പി കുടി. നീട്ടി.. അതിൽ. വെണ്ടയ്ക്ക അക്ഷരത്തിൽ....
'CYANIDE'. എന്നെഴുതിയിരിക്കുന്നു. "നിങ്ങൾ. ഇന്നെത്തുമെന്നു
സോനാ ദീദി പറഞ്ഞിരുന്നു,. കേരളത്തിൽ. നിന്നെത്തിയതാ
ണെന്നറിഞ്ഞപ്പോൾ. ഹൃദയം. നുറുങ്ങി.,. വേണ്ട, നിങ്ങൾ.
എന്നെ പോലെ. ആയിത്തീരരുത്,. കഴിച്ചോ". ആദ്യം. ഒന്നു
ഞെട്ടിയെങ്കിലും. യാഥാർത്ഥ്യത്തോട്. പൊരുത്തപ്പെട്ടിരിക്കുന്നു..
അവൾ ഞങ്ങളുടെ. ഭക്ഷണത്തിൽ ഞങ്ങളുടെ. അനു
വാദത്തോടെ. കലർത്തി.........

ശേഷം.. മൗനമായിരുന്നു. പരസ്പരം. നോക്കുന്ന..
കണ്ണുകൾ:. പിന്നീട്. എല്ലാവരും. ആർത്തിയോടെ. തിന്നു. അ.
ങ്ങനെ. ഞാനും.....". ജങ്ക് ഫുഡുകൾ. ആരോഗ്യത്തിനു.
ഹാനികരമാണെന്നറിഞ്ഞ്. അത്. കഴിക്കാതിരുന്ന ഞാൻ. ഇന്ന്
വിഷം. വിഷമാണെന്നറിഞ്ഞ്. ആർത്തിയോടെ. തിന്നുന്നു...".
കാരണം, ഏതെങ്കിലും. നിർഭാഗ്യനിമിഷത്തിൽ. ജീവൻ..
അവശേഷിച്ചു പോയാലോ.... കഴിക്കുന്നതിനിടയിൽ....
ആരോ,. കൂട്ടത്തിലുള്ള. ആരോ. എന്റെ. ചെവിയിൽ മന്ത്രി
ച്ചു. 'അവർ. ഞങ്ങളുടെ. ആമാശയങ്ങളുമെടുത്ത് കള
ഞ്ഞിരിക്കുന്നു.'

ഒരു നിമിഷം ഭക്ഷണം തൊണ്ടയിൽ കുരുങ്ങി, "ഞാൻ ആലോചിച്ചു അതേ വാക്കുകൾ. അർത്ഥഗർഭം ധരിച്ച വെള്ളയായ വാക്കുകളായി. ഞാൻ അവയെ തള്ളിയെങ്കിലും ജീവിതത്തിന്റെ എന്തോ ഒന്ന് അതിൽ അവശേഷിച്ചിരിക്കുന്നു.

ചതുരസ്ഥലിയിലെ നിലവറ നിശബ്ദമായിരിക്കുന്നു. ചതുഷ്ക്രിയകൾ ഇനി നടത്തേണ്ടതില്ല.. ഭക്ഷണാവശിഷ്ടങ്ങളും. ഛർദ്ദിയുടെ അവശിഷ്ടങ്ങളും. മാത്രം അവിടെ ശേഷിച്ചു പിന്നെ പതിനാല് നിശ്ചല ശരീരങ്ങളും ....

ദീർഘനേരത്തെ ഇടവേളയ്ക്ക് ശേഷം രാത്രി, സോനാ ദീദി അണിഞ്ഞൊരുങ്ങാനുള്ള വസ്ത്രങ്ങളും ആഭരണങ്ങളുമായി ആ മുറി തുറന്നു.... ഒരു കരച്ചിലോടെ വിജാഗിരികൾ ശബ്ദിച്ചു.

പതിനാല് ആത്മാക്കൾ സ്വതന്ത്രമാക്കപ്പെട്ടിരിക്കുന്നു. ഒരേ നിമിഷം...., അവരിലാരോ ആ സ്ത്രീയുടെ ചെവിയിൽ മന്ത്രിച്ചു ". ശരീരമല്ലേ വേണ്ടത്, എടുത്തുകൊള്ളൂ ഞങ്ങൾ പറക്കട്ടെ നിങ്ങൾ എടുത്തുകളയാത്ത മനസ്സിന്റെ ആകാശത്തിലേക്കെങ്കിലും"

ഒരു നിമിഷം ആ വീടിനു ചുറ്റുമുള്ള പല മരങ്ങൾ ചുടലത്തെങ്ങുകളായി രൂപാന്തരപ്പെട്ടിരിക്കുന്നു. ഒരുതരം അമർഷത്തിൽ കുതിർന്ന നിർവ്വികാരതയോടെ അവർ ആരെയോ ഫോൺ വിളിച്ചു. ആദ്യം, രണ്ട് മൂന്നാമത്തെ ഫോൺ റിങ്ങ് ചെയ്തു. പിന്നീട് എടുത്തു. ദീദിക്കു പറയാൻ വാക്കുകളില്ല. വാക്കുകൾക്കിടയിൽ മൗനം തിരുകിക്കേറ്റി അവർ ഫോൺ കട്ട് ചെയ്തു.

ചതുരസ്സുലി തളയ്ക്കപ്പെട്ട ഓർമ്മകളുടെ ഇടമായിരിക്കുന്നു. തിരക്കുകൾക്കും ആളുകൾക്കും കുറവില്ല..... ആരെയോ കാത്തു നിൽക്കുന്ന യമൻ, അവസാനം ആ എയ്ഡ്സ് ബാധിതയെയും കവർന്നു.

തന്റെ നിർഭാഗ്യത്തെ ശപിച്ചും പ്രാകിക്കൊണ്ടും സോനാഗിക്കടിയിലൂന്നു. അപ്പോഴും മറുവാക്കുരിയാടാതെ ചതുരസ്സുലി നിശബ്ദമായിരുന്നു.....

കവർന്നെടുത്ത ആശങ്കളുടെ ഇടമസ്ഥത ആകുന്നൽക്കുമെന്ന സംശയത്തോടെ അവർ ഇരുന്നു.